## പതിനാലാം കേരള നിയമസഭ
### ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.497** **24.01.2018-ൽ മറുപടിയ്ക്ക്**

## ജി.എസ്.ടി. മൂലം നികുതി വരുമാനത്തിൽ ഉണ്ടായ കുറവ്

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയതു മൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഇതിന് കാലവിളംബം ഉണ്ടായിട്ടില്ല. നഷ്ടപരിഹാരം ലഭിച്ചതിനാൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. |
| (ബി) | സംസ്ഥാനത്തിന് കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കേണ്ടുന്ന നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; ആയത് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | |
| (സി) | വരും വർഷങ്ങളിൽ ഇത്തരം പ്രതിസന്ധി ഉണ്ടാകാതിരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ചരക്ക സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണ ഘടനാ പരമായി അധികാരമുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും |

| | | | |
|---|---|---|---|
| | | | അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ ജി.എസ്.ടി. സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകം തന്നെ നടപ്പിലായതിനാൽ കേരളത്തിനു മാത്രമായി ഇതിൽ നിന്നും മാറി നിൽക്കാൻ സാധ്യമല്ല. ഉള്ള അവസരം പ്രയോജനപ്പെടുത്തി ജി.എസ്.ടി കൗൺസിലിനെ ക്കൊണ്ട് പരമാവധി സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുപ്പിക്കാനുള്ള ശ്രമമാണ് കേരളം നടത്തി വരുന്നത്. ഇതിൽ കുറേയൊക്കെ സംസ്ഥാനം വിജയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**